(ഡി) ജനകീയാസൂത്രണ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ആവിഷ്കൃത പദ്ധതി വിഹിതമായി താഴെപറയും പ്രകാരം തുക വകയിരുത്തിയിരുന്നു.

വർഷം	തുക (കോടി രൂപ)
1997-1998	276.37
1998-1999	166.50
1999-2000	134.50
2000-2001	224.27

(ഇ) വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പ്രാദേശിക വികസനത്തിന് സഹായകമായിട്ടുണ്ട്.

ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിനേയും ഫലത്തേയുംപ്പറ്റി വിദഗ്ദ്ധ പഠനം

66 (3818) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീമതി മെഴ്സി രവി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിനേയും അതിന്റെ ഫലത്തേയും പറ്റി വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപ്രകാരമൊരു പഠനം നടത്തുവാൻ തയ്യാറാകുമോ ;

(സി) ജനകീയാസൂത്രണത്തിലൂടെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുത്താനും അതുവഴി ലോക ധനകാര്യ സ്ഥാപനങ്ങൾക്ക് കടന്നുവരാൻ സാഹചര്യമൊരുക്കുകയുമായിരുന്നു എന്ന് 'പാഠം' ദ്വൈമാസികയിലെ പരാമർശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly